**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 580** **02-02-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പ് പുന:സംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. വകുപ്പ് പുനഃസംഘടന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും, നടപടിക്രമങ്ങൾ ലളിതമാക്കുകയും ജീവനക്കാരുടെ ജോബ് സാറ്റിസ്ഫാക്ഷൻ മെച്ചപ്പെടുത്തുന്നതിനും വേണ്ടി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. G.O(Rt). No.593/2018/TAXES dated 13.08.2018 പ്രകാരം വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദേശം സമർപ്പിക്കാൻ ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി, ജി.എസ്.ടി കൗൺസിലിന്റെ 45-ാമത് യോഗത്തെതുടർന്നുള്ള ശുപാർശകളും സർവ്വീസ് സംഘടനകളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് വകുപ്പിലെ ജീവനക്കാർ ഉൾപ്പെടെയുള്ള മറ്റ് stake holder-ൽ നിന്ന് അഭിപ്രായങ്ങൾ തേടിയതിനു ശേഷം പുതുക്കിയ പ്രൊപ്പോസൽ നികുതി വകുപ്പ് കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. പരിഷ്കരിച്ച നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 55/2022/TAXES തീയതി 02.08.2022, സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 106/2022/ടാക്സസ് തീയതി 29/12/2022 എന്നിവ പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം വകുപ്പിൽ പുനഃസംഘടന നടപ്പിൽ വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വ്യാപകമായി സ്ഥലം മാറ്റി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ജി.എസ്.ടി നിയമം നിലവിൽ വന്നതിനുശേഷം പുതിയ നികുതി ഘടനയിലേയ്ക്ക് കേരള സംസ്ഥാനവും മാറുകയുണ്ടായി. സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പഞ്ചാത്തലത്തിലാണ് നികുതി സംവർധനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാന മാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനക്കുള്ള നടപടികൾ ആരംഭിക്കുന്നത്. വിശദമായ ശുപാർശയുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് സ.ഉ.(എം.എസ്.) നം.55 /2022/TAXES തീയതി 02.08.2022 പ്രകാരം വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്.<br><br>പുനഃസംഘടനയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന വകുപ്പിന്റെ എല്ലാ ഓഫീസുകളും ഇല്ലാതാവുകയും പുതിയ ഘടനയോടുകൂടിയ ടാക്സ് പേയർ സർവ്വീസസ് വിഭാഗം, ഓഡിറ്റ് വിഭാഗം, ഇന്റലിജൻസ് ആന്റ് എൻഫോഴ്സ്മെന്റ് വിഭാഗം എന്നീ മൂന്ന വിഭാഗങ്ങളിലായി പുതിയ ഓഫീസുകൾ നിലവിൽ വരുകയും ചെയ്തു. നികുതിദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലേയും ഓഫീസുകളും ജീവനക്കാരുടെ sanctioned strength-ഉം നിശ്ചയിച്ചിട്ടുള്ളത്. ഇത് ജില്ലകളിൽ മുൻപുണ്ടായിരുന്ന ജീവനക്കാരുടെ sanctioned strength കൂടുകയോ കുറയുകയോ ചെയ്യുന്നതിന് കാരണമായിട്ടുണ്ട്. പുനഃസംഘടനയുടെ ഭാഗമായി ഇത്തരത്തിൽ പുതിയ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ പുനർ വിന്യസിക്കേണ്ടി വന്നു. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചും അനുകമ്പാർഹമായ മറ്റു കാരണങ്ങൾ പരിഗണിച്ചും നികുതി പിരിവ് കാര്യക്ഷമമാകുന്നതിന് അനിയോജ്യരായ ജീവനക്കാരെ വിവിധ Vertical-ലേയ്ക്ക് പരിഗണിച്ചുമാണ് പുനർവിന്യാസം പൂർത്തീകരിച്ചിട്ടുള്ളത്. |
| (സി) | പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള സ്ഥലമാറ്റം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി നിയമം നിലവിൽ വന്നതിനു ശേഷം ഇൻഡ്യയിൽ നികുതി വകുപ്പിനെ സമഗ്രമായും ആധികാരികമായും പുനഃസംഘടിപ്പിച്ചിട്ടുള്ള സം സ്ഥാനങ്ങളിൽ ഒന്നാണ് കേരളം. നികുതി ദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കി യാണ് ഓരോ ജില്ലയിലേയും ഓഫീസുകളും ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | sanctioned strength നിശ്ചയിയിച്ചിട്ടുള്ളത്. ഇതു ജില്ലകളിൽ മുൻപുണ്ടായിരുന്ന ജീവനക്കാരുടെ sanctioned strength കൂട്ടുകയോ കുറയുകയോ ചെയ്യുന്നതിന് കാരണമായിട്ടുണ്ട്. പുനഃസംഘടനയുടെ ഭാഗമായി ഇത്തരത്തിൽ പുതിയ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ പുനർ വിന്യസിക്കേണ്ടി വന്നു. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചും അനുകമ്പാർഹമായ മറ്റ് കാരണങ്ങൾ പരിഗണിച്ചും നികുതി പിരിവ് കാര്യക്ഷമമാകുന്നതിന് അനുയോജ്യരായ ജീവനക്കാരെ പരിഗണിച്ചുമാണ് പുനർവിന്യാസം പൂർത്തീകരിച്ചിട്ടുള്ളത്. സമയ ബന്ധിതമായി ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിക്കേണ്ടി വന്നപ്പോൾ ജീവനക്കാർക്കുണ്ടായ ചെറിയ അസൗകര്യങ്ങളും പരാതികളും പരിശോധിച്ച് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 580 02.02.2023 ൽ മറുപടിനൽകേണ്ടത്.**

## ജി.എസ്.ടി. വകുപ്പ് പുനഃസംഘടന

| ചോദ്യം<br>ഡോ. എം.കെ. മുനീർ | | മറുപടി<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. വകുപ്പ് പുനഃ സംഘടന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും, നടപടിക്രമങ്ങൾ ലളിതമാക്കുകയും ജീവനക്കാരുടെ ജോബ് സാറ്റിസ്ഫാക്ഷൻ മെച്ചപ്പെടുത്തുന്നതിനും വേണ്ടി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. G.O(Rt). No.593/2018/TAXES dated 13.08.2018 പ്രകാരം വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദേശം സമർപ്പിക്കാൻ ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി, ജി.എസ്.ടി കൗൺസിലിന്റെ 45-ാമത് യോഗത്തെത്തുടർന്നുള്ള ശുപാർശകളും സർവ്വീസ് സംഘടനകളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് വകുപ്പിലെ ജീവനക്കാർ ഉൾപ്പെടെയുള്ള മറ്റ് stake holder-ൽ നിന്ന് അഭിപ്രായങ്ങൾ തേടിയതിനു ശേഷം പുതുക്കിയ പ്രൊപ്പോസൽ നികുതി വകുപ്പ് കമ്മീഷണർ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയുണ്ടായി. പരിഷ്കരിച്ച നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 55/2022/TAXES തീയതി 02.08.2022, സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 106/2022/ടാക്സസ് തീയതി 29/12/2022 എന്നിവ പ്രകാരം സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം വകുപ്പിൽ പുനഃസംഘടന നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ മാനദ ണ്ഡങ്ങൾക്ക് വിരുദ്ധമായി വ്യാ പകമായി സ്ഥലം മാറ്റി എന്ന ആരോപണം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; | (ബി) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ജി.എസ്.ടി നിയമം നിലവിൽ വന്നതിനുശേഷം പുതിയ നികുതി ഘടനയിലേയ്ക്ക് കേരള സംസ്ഥാനവും മാറുകയുണ്ടായി. സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യ മായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പഞ്ചാത്തലത്തിലാണ് നികുതി സംവർധനത്തിനും അതിന്റെ നിർവ്വ ഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാ പരമായ മാറ്റങ്ങൾ വരുത്തി വരുമാന മാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘ ടനക്കുള്ള നടപടികൾ ആരംഭിക്കുന്നത്. വിശദ മായ ശുപാർശയുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് സ.ഉ.(എം.എസ്.) നം.55 /2022/TAXES തീയതി 02.08.2022 പ്രകാരം വക പ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവാ യിട്ടുള്ളത്.<br>പുനഃസംഘടനയുടെ ഭാഗമായി നിലവിലു |

| | | | |
|---|---|---|---|
| | | | ണ്ടായിരുന്ന വകുപ്പിന്റെ എല്ലാ ഓഫീസുകളും ഇല്ലാതാവുകയും പുതിയ ഘടനയോടുകൂടിയ ടാക്സ് പേയർ സർവ്വീസസ് വിഭാഗം, ഓഡിറ്റ് വിഭാഗം, ഇന്റലിജൻസ് ആന്റ് എൻഫോഴ്സ്മെന്റ് വിഭാഗം എന്നീ മൂന്നു വിഭാഗങ്ങളിലായി പുതിയ ഓഫീസുകൾ നിലവിൽ വരുകയും ചെയ്തു. നികുതിദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലേയും ഓഫീസുകളും ജീവനക്കാരുടെ sanctioned strength-ഉം നിശ്ചയിച്ചിട്ടുള്ളത്. ഇത് ജില്ലകളിൽ മുൻപുണ്ടായിരുന്ന ജീവനക്കാരുടെ sanctioned strength കൂടുകയോ കുറയുകയോ ചെയ്യുന്നതിന് കാരണമായിട്ടുണ്ട്. പുനഃസംഘടനയുടെ ഭാഗമായി ഇത്തരത്തിൽ പുതിയ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ പുനർവിന്യസിക്കേണ്ടി വന്നു. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചും അനുകമ്പാർഹമായ മറ്റു കാരണങ്ങൾ പരിഗണിച്ചും നികുതി പിരിവ് കാര്യക്ഷമമാകുന്നതിന് അനിയോജ്യരായ ജീവനക്കാരെ വിവിധ Vertical-ലേയ്ക്ക് പരിഗണിച്ചുമാണ് പുനർവിന്യാസം പൂർത്തീകരിച്ചിട്ടുള്ളത്. |
| (സി) | പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള സ്ഥലമാറ്റം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി നിയമം നിലവിൽ വന്നതിനു ശേഷം ഇൻഡ്യയിൽ നികുതി വകുപ്പിനെ സമഗ്രമായും ആധികാരികമായും പുനഃസംഘടിപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. നികുതിദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലേയും ഓഫീസുകളും ജീവനക്കാരുടെ sanctioned strength നിശ്ചയിട്ടിട്ടുള്ളത്. ഇതു ജില്ലകളിൽ മുൻപുണ്ടായിരുന്ന ജീവനക്കാരുടെ sanctioned strength കൂടുകയോ കുറയുകയോ ചെയ്യുന്നതിന് കാരണമായിട്ടുണ്ട്. പുനഃസംഘടനയുടെ ഭാഗമായി ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | പുതിയ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ പുനർവിന്യസിക്കേണ്ടി വന്നു. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചും അനുകമ്പാർഹമായ മറ്റ് കാരണങ്ങൾ പരിഗണിച്ചും നികുതി പിരിവ് കാര്യക്ഷമമാകുന്നതിന് അനുയോജ്യരായ ജീവനക്കാരെ പരിഗണിച്ചുമാണ് പുനർവിന്യാസം പൂർത്തീകരിച്ചിട്ടുള്ളത്. സമയ ബന്ധിതമായി ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിക്കേണ്ടി വന്നപ്പോൾ ജീവനക്കാർക്കുണ്ടായ ചെറിയ അസൗകര്യങ്ങളും പരാതികളും പരിശോധിച്ച് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ